"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പ് - ടൗൺ പ്ലാനർ ശ്രീമതി കെ അനിത - രാജി അപേക്ഷ പരിഗണിച്ച് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1392/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/07/2021

പരാമർശം:- 1. മുഖ്യനഗരാസൂത്രകന്റെ 15.08.2020 ലെ TCPCTP/1018/2020/A3 നമ്പർ കത്ത്.

2. ടൗൺ പ്ലാനർ ശ്രീമതി കെ അനിതയുടെ 18.08.2019 തീയതിയിലെ രാജി അപേക്ഷ.

<u>ഉത്തരവ്</u>

നഗരഗ്രാമാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനർ ശ്രീമതി. കെ. അനിത കോഴിക്കോട് ജില്ലാ കാര്യാലയത്തിൽ ടൗൺ പ്ലാനറായിരിക്കെ 13.08.1999 അപരാഹ്നത്തിൽ വിദേശ ജോലിയ്ക്കായി ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ദീർഘിപ്പിച്ച അവധി 13.08.2019 ന് അവസാനിക്കുകയും ചെയ്തിരുന്നു. ശൂന്യവേതനാവധി അവസാനിച്ച സാഹചര്യത്തിൽ ശ്രീമതി. കെ. അനിത ജോലി രാജിവയ്ക്കുന്നതിനുള്ള അപേക്ഷ പരാമർശം 2 പ്രകാരം ഇ-മെയിൽ മുഖേന സമർപ്പിക്കുകയും ആയത് മുഖ്യ നഗരാസൂത്രകൻ സർക്കാരിന് ശുപാർശ ചെയ്യുകയും ചെയ്യുകയും ടിയാൾക്കെതിരെ അച്ചടക്കനടപടികളോ വിജിലൻസ് കേസുകളോ സർക്കാരിലേക്ക് ബാധ്യതകളോ ഇല്ലെന്ന് പരാമർശം 1 പ്രകാരം അറിയിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നഗരഗ്രാമാസൂത്രണ വകുപ്പിൽ കോഴിക്കോട് ജില്ലാ കാര്യാലയത്തിൽ ടൗൺ പ്ലാനർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 13.08.1999 അപരാഹ്നത്തിൽ വിദേശ ജോലിയ്ക്കായി ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ദീർഘിപ്പിച്ച ടി അവധി 13.08.2019 ന് അവസാനിയ്ക്കുകയും ചെയ്ത് സാഹചര്യത്തിൽ നഗര ഗ്രാമാസൂത്രണ വകുപ്പിലെ ടൗൺ പ്ലാനർ ശ്രീമതി. കെ. അനിത ജോലി രാജിവയ്ക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സ്വീകരിക്കുകയും ടിയാളുടെ അവധി കാലാവധി അവസാനിച്ചതിന്റെ തൊട്ടടുത്ത ദിവസമായ 14.08.2019 പ്രാബല്യത്തിൽ ടിയാൾക്ക് രാജി അനുവദിക്കുകയും ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
ഡെപ്യൂട്ടിസെക്രട്ടറി

<u>പകർപ്പ്</u>

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീമതി കെ അനിത, ടൗൺ പ്ലാനർ(മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/45/2020-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ